**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 4531

25.10.2016- ൽ മറുപടിക്ക്

# കൺസ്യൂമർഫെഡിൽ നടന്ന അഴിമതി

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011-16 കാലയളവിൽ കൺസ്യൂമർഫെഡിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം നൽകുമോ; | (എ) | കൺസ്യൂമർ ഫെഡറേഷനിൽ 2011-16 കാലയളവിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65- പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് 22.09.2015-ൽ ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ 11.12.2015-ൽ അന്വേഷണം സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇടക്കാല റിപ്പോർട്ടിൽ അഴിമതി നടത്തിയതായി കണ്ടെത്തിയവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 11/79-ാം നമ്പർ സർക്കുലർ പ്രകാരം നിശ്ചിത ഫോറത്തിൽ കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നിലവിൽ അന്തിമ ഘട്ടത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാരെന്ന് തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എത്ര കോടി രൂപയുടെ അഴിമതിയാണ് പ്രസ്തുത കാലയളവിൽ നടന്നിട്ടുള്ളത്; വിശദവിവരം നൽകുമോ; | (ബി) | 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നതോടെ മാത്രമേ അഴിമതി സംബന്ധിച്ച തുക തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പുതലനടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടി എടുത്തിട്ടുണ്ട്. കൺസ്യൂമർ ഫെഡിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും, അന്വേഷണത്തിന്മേൽ ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി മേൽ നടപടി സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ